# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4047 16.03.2017-ന് മറുപടിയ്ക്ക്

## കെ.എസ്.ബി.സി.ഡി.സി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ബി.സി.ഡി.സി. വഴി പ്രത്യേക വായ്പാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ബി.സി.ഡി.സി. മുഖേന താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി 'ദിശ 2017' എന്ന പദ്ധതി ആരംഭിച്ചു. രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമ വായ്പാ പദ്ധതി, ക്ഷീര സമൃദ്ധി വായ്പാ പദ്ധതി, പരമ്പരാഗത തൊഴിൽ നവീകരണ വായ്പാ പദ്ധതി, ഹരിത കേരളം വായ്പാ പദ്ധതി എന്നിവയാണ് പുതിയ പദ്ധതികൾ. |
| ബി) | പിന്നാക്ക ജനവിഭാഗങ്ങളിലെ സ്ത്രീകൾക്കും യുവാക്കൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പാ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | ബി) | പിന്നാക്ക ജനവിഭാഗങ്ങളിലെ സ്ത്രീകൾക്കും, യുവാക്കൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാ പദ്ധതികൾ കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. (പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു). |
| സി) | കെ.എസ്.ബി.സി.ഡി.സി. ജില്ലാ ഓഫീസുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക വായ്പ നൽകിയിട്ടുണ്ട് ; ഓരോ ഓഫീസിനും എത്ര ഗ്രാന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 221.13 കോടി രൂപ ജില്ലാ ഓഫീസുകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ഓഫീസുകൾക്ക് ഗ്രാന്റ് നൽകിയിട്ടില്ല. വായ്പാ വിതരണത്തിന് ആവശ്യമായ തുക ജില്ലാ ഓഫീസുകൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും, അത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

ഭരണപരം

~~ഭരണരഹസ്യ~~

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ
## സ്വയംതൊഴിൽ വായ്പാ പദ്ധതികൾ

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗം (ഒ.ബി.സി.) മതന്യൂനപക്ഷ വിഭാഗം എന്നിവയിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.
ഒ.ബി.സി. വിഭാഗത്തിൽ കേരളത്തിലൊട്ടാകെ 74 സമുദായങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ പ്രത്യേക പ്രദേശങ്ങളിൽ മാത്രം ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 8 സമുദായങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ പട്ടിക ഇതിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഒ.ബി.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) വായ്പ വിനിയോഗിച്ചാണ് നടപ്പിലാക്കുന്നത്.

ക്രിസ്ത്യൻ, മുസ്ലീം, സിക്ക്, ബുദ്ധ, ജൈന, പാഴ്സി എന്നീ മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) വായ്പ വിനിയോഗിച്ചു കൊണ്ട് വിവിധ പദ്ധതികളും കെ.എസ്.ബി.സി.ഡി.സി. നടപ്പിലാക്കിവരുന്നു.

### <u>ഒ.ബി.സി വിഭാഗത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതി</u>

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 10 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 5 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് 6%-വും അതിനുമുകളിലുള്ള വായ്പയ്ക്ക് 7%-വുമാണ് പലിശ നിരക്ക്. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 98,000/- രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ അധിവസിക്കുന്ന 1,20,000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്കാണ് വായ്പ ലഭിക്കുന്നതിന് അർഹതയുള്ളത്. പ്രായപരിധി 18 നും 55 നും മദ്ധ്യേ. 2 ലക്ഷം രൂപവരെയുള്ള വായ്പ 60 മാസം കൊണ്ടും അതിനു മുകളിൽ 5 ലക്ഷം രൂപവരെയുള്ള വായ്പ 72 മാസം കൊണ്ടും അതിനുമുകളിൽ 10 ലക്ഷം രൂപവരെയുള്ള വായ്പ 84 മാസം കൊണ്ടും തിരിച്ചടയ്ക്കേണ്ടതാണ്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ആകെ അടവാക്കിയ പലിശയുടെ 10 % പ്രത്യേക കിഴിവായി അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിന് മതിയായ ജാമ്യം സമർപ്പിക്കേണ്ടതാണ്. ജാമ്യ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

### <u>മത ന്യൂനപക്ഷത്തിനുവേണ്ടിയുള്ള വായ്പ പദ്ധതികൾ</u>

മത ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി 2 സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

**<u>പദ്ധതി - 1</u>**

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 90% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പലിശ നിരക്ക് 6%. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 81,000/- രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ അധിവസിക്കുന്ന 1,03,000/- രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്കാണ് വായ്പ ലഭിക്കുന്നതിന് അർഹതയുള്ളത്. പ്രായപരിധി 18 നും 55 നും മദ്ധ്യേ. തിരിച്ചടവ് കാലാവധി 60 മാസം. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ആകെ അടവാക്കിയ പലിശയുടെ 10% പ്രത്യേക കിഴിവായി അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിന് മതിയായ ജാമ്യം സമർപ്പിക്കേണ്ടതാണ്. ജാമ്യ വ്യവസ്ഥകൾ ചുവടെ ചേർത്തിട്ടുണ്ട്.

**<u>പദ്ധതി - 2</u>**

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലുമാണ് വായ്പ അനുവദിക്കുന്നത്. മറ്റ് വ്യവസ്ഥകൾ പദ്ധതി - 1 ന് സമാനമാണ്.

(signature)